KERALA STATE ELECTRICITY BOARD Ltd
(Incorporated under the Companies Act, 1956)
Office of the Secretary(Administration)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone : +91 471 2514456, 2514575, 2514504
Email: secretary@kseb.in

KSEB
കേരളത്തിന്റെ ഊർജ്ജം

No. PS-ST6/2022/3 (3) Dated: 10.05.2022

**പരിപത്രം**

Sub:- കെ.എസ്.ഇ.ബി.എൽ - ൽ നിന്നും കുടുംബപെൻഷൻ വാങ്ങുന്നവർ വർഷം തോറും പെൻഷൻ വിതരണ അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികത- – സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.എൽ - ൽ പ്രാബല്യത്തിൽ വരുത്തുന്നത് - സംബന്ധിച്ച്

Ref :- 1) കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷന്റെ 29.11.2021 – ലെ ചീഫ് എഞ്ചിനീയർ ( മാനവ വിഭവശേഷിനിർവഹണ) ത്തിന് സമർപ്പിച്ച നിവേദനം

2) ധനകാര്യ (പെൻഷൻ - ബി) വകുപ്പ് സ.ഉ (പി) നം. 127/16/ധന/ തിരുവനന്തപുരം, തീയതി 01.09.2016 – ഉത്തരവ്. 3) ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ 12.02.2021 ലെ പി.എ.ജനറൽ/കുടുംബ പെന് ഷനർ നമ്പർ കുറിപ്പ്.

4) ചീഫ് പേഴ്സണൽ ഓഫീസറിന്റെ 28.02.2022 ലെ PS-ST6/2022/3-)o നമ്പരായുള്ള ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുള്ള കുറിപ്പ്.

കെ.എസ്.ഇ.ബി.എൽ - ൽ നിന്നും കുടുംബ പെൻഷൻ വാങ്ങുന്നവർ വർഷം തോറും പെൻഷൻ വിതരണ അതോറിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികതയുമായി ബന്ധപ്പെട്ട ഒരു ഏകീകൃത രീതി കെ.എസ്.ഇ.ബി.എൽ - ൽ നിലവിലില്ലാത്ത സാഹചര്യത്തിൽ, കുടുംബ പെൻഷൻകാർ പലവിധ ബുദ്ധിമുട്ടുകളും നേരിടുന്നതിനാൽ ടി. വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ - ൽ മുൻ വർഷങ്ങളിൽ പിൻതുടർന്ന നടപടിക്രമം തുടരുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണം എന്ന് മേൽ സൂചന (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ ടി. വിഷയം സംബന്ധിച്ച് ഏകീകൃതമായ ഒരു രീതി വൈദ്യുതി ബോർഡിൽ നടപ്പാക്കുന്നതിനായി മേൽ സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് കെ.എസ്.ഇ.ബി.എൽ - ൽ അംഗീകരിച്ച് നടപ്പാക്കണമെന്ന് പരാമർശം (3) പ്രകാരം സൂചിപ്പിക്കുകയുണ്ടായി.

സൂചന (2) പ്രകാരം നിലവിലുള്ള ഗവൺമെന്റ് ഉത്തരവിൽ താഴെപ്പറയും പ്രകാരം പരാമർശിച്ചിരിക്കുന്നു.

(1) കുടുംബ പെൻഷൻ വാങ്ങുന്ന 60 വയസ്സിനു താഴെ പ്രായമുള്ള ജീവിത പങ്കാളിയും, അവിവാഹിതയായ പെൺമക്കളും, 18 നും 25 വയസ്സിനുമിടയിൽ പ്രായമുള്ള മക്കളും വർഷം തോറും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം വിവാഹം/പുനർ വിവാഹം കഴിച്ചിട്ടില്ലായെന്നുള്ള സർട്ടിഫിക്കറ്റ്, കുടുംബ പെൻഷണർ താമസിക്കുന്ന പ്രദേശത്തെ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ/വില്ലേജ് ഓഫീസറിൽ നിന്നോ/സർക്കാർ സ്കൂൾ പ്രധാനാദ്ധ്യാപകനിൽ നിന്നോ വാങ്ങി പെൻഷൻ വിതരണമ അതോറിറ്റിക്ക സമർപ്പിക്കേണ്ടതാണ്.

(2)കുടുംബ പെൻഷൻ വാങ്ങുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ വിവാഹം/പുനർ വിവാഹം കഴിച്ചിട്ടില്ലായെന്നും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം വർഷം തോറും ലൈഫ് സർട്ടിഫിക്കറ്റിനൊപ്പം പെൻഷൻ വിതരണ അതോറിറ്റിക്കുസമർപ്പിക്കേണ്ടതാണ്.

(3)ഇത്തരത്തിൽ സർട്ടിഫക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ വിതരണം ചെയ്യേണ്ടതില്ല.

(4) കെ.എസ്.ആർ ഭാഗം 111-ൽ നിയമാനുസൃതമായ ഭേദഗതി പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

ടി. സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവ് കെ.എസ്.ഇ.ബി.എൽ - ൽ പ്രാബല്യത്തിൽ വരുത്തുന്നത് സംബന്ധിച്ച് സൂചന (4) പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ തീരുമാനം ആരാഞ്ഞിരുന്നിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ ടി. ഗവൺമെന്റ് ഉത്തരവ് കെ.എസ്.ഇ.ബി.എൽ- ലും നടപ്പാക്കാനുള്ള അനുമതി നൽകിയിട്ടുള്ളതുമാകുന്നു.

ആകയാൽ സൂചന (2) പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവ് കെ.എസ്.ഇ.ബി.എൽ - ലും പ്രാബല്യത്തിൽ വരുത്തി ഇതിനാൽ ഉത്തരവാകുന്നു. പരാമർശിത ഗവൺമെന്റ് ഉത്തരവ് കെ.എസ്.ഇ.ബി.എൽ-ലും നടപ്പാക്കുന്നതോടൊപ്പം, മുൻകാലങ്ങളിൽ നിലനിന്നിരുന്നതു പോലെ, കുടുംബ പെൻഷൻകാരുടെ വൈവാഹിക നില തെളിയിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ലെ ഉത്തരവാദിത്തപ്പെട്ട ഓഫീസർ നൽകുന്ന സാക്ഷ്യപത്രം തുടർന്നും സ്വീകരിക്കുന്നതാണ്.

**Sd/-**

**JAYASHREE T K**
**Secretary**

To

ചീഫ് എഞ്ചിനീയർ (HRM)

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്/എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും /
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ
(സിവിൽ)/ ടി. എ ടു ഡയറക്ടർ {റീസ്, സ്പോർട്സ് & വെൽഫയർ} എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട്/ റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

Forwarded / By Order

Senior Superintendent